നം.സി1/25347/റ്റി.സി/2010.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി: 13.01.2011.

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്.- വാഹനങ്ങളിൽ അനുവദനീയമല്ലാത്ത, പ്രകാശ തീവ്രത കൂടിയ ലൈറ്റുകൾ ഉപയോഗിക്കുന്നത് -സംബന്ധിച്ച്.

സൂചന:-
1. ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിലിന്റെ നിവേദനം.
2. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ നം.07/07
3. 12-12-2007 തീയതിയിൽ ഈ ഓഫീസിൽ നിന്നുമുള്ള കത്ത് നം.സി3/3811/റ്റിസി/04.
4. 22-07-2009 തീയതിൽ ഈ ഓഫീസിൽ നിന്നുമുള്ള കത്ത് നം.സി1/11737/റ്റി.സി/09.
5. 08-09-09 തീയതിയിൽ ഈ ഓഫീസിൽ നിന്നുള്ള കത്ത് നം.സി1/16204/റ്റി.സി/09.
6. 07-08-2010 തീയതിയിൽ ഈ ഓഫീസിൽ നിന്നുള്ള കത്ത് നം. സി1/13298/റ്റി.സി/10.

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന(1) പ്രകാരം ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ തങ്ങളുടെ നിവേദനത്തിൽ ചൂണ്ടികാണിക്കുന്നതെന്തെന്നാൽ വാഹനങ്ങളിൽ പ്രത്യേകിച്ചും 4 ചക്ര വാഹനങ്ങളിൽ അനുവദനീയമല്ലാത്തത്ര പ്രകാശതീവ്രതയുള്ള ഹാലജൻ ബൾബുകൾ ഉപയോഗിക്കുന്നുണ്ടെന്നും രാത്രിയിൽ ഓടുന്ന വാഹനങ്ങൾ എതിരെ വരുന്ന വാഹനങ്ങൾക്ക് ലൈറ്റ് ഡിം ചെയ്ത് കൊടുക്കാറില്ലെന്നുമാണ്. മേൽ പ്രസ്താവിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങൾ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്. വാഹനങ്ങളിൽ അനുവദനീയമല്ലാത്ത പ്രകാശ തീവ്രത കൂടിയ ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രാത്രികാല ചെക്കിംഗുകൾ നടത്തുമ്പോൾ മേൽ പറഞ്ഞ വിഷയങ്ങൾക്ക് പ്രത്യേകം പരിഗണന നൽകേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്/-
സീനിയർ ഡി റ്റി സി (ട്രാക്ക്ലേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി.

അംഗീകാരത്തോടുകൂടി

22/1/11

സീനിയർ സൂപ്രണ്ട്

2/10/11